# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.355** **26.04.2017-ൽ മറുപടിയ്ക്ക്**

## നികുതി പിരിവിലെ വർദ്ധന

| | ചോദ്യം<br><br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവിൽ വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാണിജ്യ നികുതി ഇനത്തിൽ 10 ശതമാനം വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രജിസ്ട്രേഷൻ നികുതി പിരിവിൽ മുൻ വർഷത്തെ അപേക്ഷിച്ച് 117.34 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. എക്സൈസ് നികുതിയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ ആകെ 4.59% മാത്രമാണ് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളത്. മോട്ടോർ വാഹന വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായതിനേക്കാൾ നികുതി പിരിവിൽ 10.40% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റ് നികുതികൾ, കെട്ടിട നികുതി, തോട്ട നികുതി, ആഡംബര നികുതി എന്നീയിനങ്ങളിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ നയംമൂലമുണ്ടായ നോട്ട് പ്രതിസന്ധി ഇക്കാര്യത്തിൽ എത്രമാത്രം തടസ്സമായിട്ടുണ്ട്; വിശദവിവരം നൽകുമോ? | (ബി) | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31.12.2016 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻ വർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ |

| | | | |
|---|---|---|---|
| | | | 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വില്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവ് ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**